# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 383

12/05/2017-ൽ മറുപടിയ്ക്ക്

## വനവൽക്കരണ പരിപാടി

**ചോദ്യം**

ശ്രീ. പ്രൊഫ. കെ.യു. അരുണൻ
,, ബി.ഡി. ദേവസ്സി
,, ജെയിംസ് മാത്യു
,, കെ.ജെ. മാക്സി

**ഉത്തരം**

ശ്രീ. അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) വനമേഖലയ്ക്ക് പുറത്ത് പച്ചപ്പും ജൈവ വൈവിധ്യവും വർദ്ധിപ്പിക്കുന്നതിന് വനേതര പ്രദേശങ്ങളിൽ വനവത്കരണ പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ;

(എ) വനമേഖലയ്ക്ക് പുറത്ത് പച്ചപ്പും ജൈവവൈവിധ്യവും വർദ്ധിപ്പിക്കുന്നതിന് വനേതര പ്രദേശങ്ങളിൽ വനവത്കരണ പരിപാടി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ള വനത്തിന്റെ വ്യാപ്തി എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) വനേതരപ്രദേശങ്ങളിൽ സാമൂഹ്യവനവൽക്കരണ പരിപാടി യിലൂടെ പൊതു സ്ഥലത്തിലും മറ്റു സ്ഥലങ്ങളിലും വൃക്ഷവൽക്കരണം നടത്തുന്നതിലൂടെ പച്ചപ്പിന്റെയും ജൈവവൈവിധ്യത്തിന്റെയും മൂല്യവർദ്ധനവ് വർദ്ധിച്ചു വരുന്ന വൃക്ഷാവരണത്തിലൂടെ ഉണ്ടാകുന്നുണ്ട്. ഈ വൃക്ഷാവരണത്തിന്റെ വ്യാപ്തി വനത്തിന്റെ വ്യാപ്തിയായി കണക്കാക്കി തിട്ടപ്പെടുത്തുവാൻ സാധിക്കുകയില്ല.

(സി) 'എന്റെ മരം നമ്മുടെ മരം', 'വഴിയോര തണൽ', 'ഹരിത തീരം' തുടങ്ങിയ വിവിധ പദ്ധതികളിലൂടെ നട്ടുപിടിപ്പിച്ചിട്ടുള്ള മരങ്ങളുടെ തുടർസംരക്ഷണം ഫലപ്രദമാകാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) എന്റെ മരം നമ്മുടെ മരം, വഴിയോരത്തണൽ, ഹരിത തീരം തുടങ്ങിയ പദ്ധതികളിലൂടെ നട്ടുപിടിപ്പിച്ചിട്ടുള്ള മരങ്ങളുടെ തുടർസംരക്ഷണം ഫലപ്രദമാകാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ